

അമൃത വിശ്വവിദ്യാപീഠം കോയമ്പത്തൂർ ക്യാമ്പസിൽ നടക്കുന്ന ശിബിരം മഹാരാഷ്ട്ര ഗവർണർ സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

# ആത്മീയതയില്ലാത്ത ജ്ഞാനം അഹങ്കാരത്തിന് വഴിതെളിയിക്കും: സി.പി. രാധാകൃഷ്ണൻ

**കോയമ്പത്തൂർ:** ആത്മീയതയില്ലാത്ത ജ്ഞാനം അഹങ്കാരത്തിന് വഴിതെളിയിക്കുമെന്ന് മഹാരാഷ്ട്ര ഗവർണർ സി.പി. രാധാകൃഷ്ണൻ പറഞ്ഞു.

അമൃത വിശ്വവിദ്യാപീഠം കോയമ്പത്തൂർ ക്യാമ്പസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സദ്ഗമയ 2025 റെസിഡൻഷ്യൽ സാംസ്കാരിക ശിബിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അമ്മയുടെ ഉപദേശങ്ങളും ദർശനങ്ങളും ശാസ്ത്രത്തെയും ആന്തരിക വളർച്ചയെയും ഏകീകരിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ശിബിരം നാളെ സമാപിക്കും.